KERALA ELECTRICITY EMPLOYEES' CONFEDERATION
INTUC
KEEC
(Reg. No. 01-14/87 - Aff. 10485)
V.P MARAKKAR SMARAKA MANDIRAM
AMBUJAVILASOM ROAD, THIRUVANANTHAPURAM - 695 001
E-mail : keecintuchq@gmail.com, Web: www.intuckeec.com

| PATRON | PRESIDENT | WORKING PRESIDENT | GENERAL SECRETARY |
|---|---|---|---|
| K. MURALEEDHARAN M.P | K.P DHANAPALAN Ex.M.P<br>9447083300 | Adv. SIBYKUTTY FRANCIS<br>9447303578 | NAZEER.M<br>9447241503 |


No. KEEC/GL/2025/03

Thiruvananthapuram
07.01.2025

FORM –L
(See Rule -71)

# FORM OF NOTICE OF STRIKE TO BE GIVEN BY UNION IN PUBLIC UTILITY SERVICE

Name of Union: Kerala Electricity Employees' Confederation (INTUC)
Reg.No.01-14/87, Affiliation No.10485
V.P Marakkar Smaraka Mandiram
Ambujavilasom Road
Thiruvananthapuram-695 001

Dated the 22nd day of January 2025

To

The Secretary
KSE Board Limited
Vaidyuthi Bhavanam
Thiruvananthapuram

Dear Sir,

In accordance with the provisions contained in Sub Section (1) of section 22 of the Industrial Dispute Act 1947, we hereby give notice that we propose to go on strike for 24 hours, from 00.00 hours on 22.01.2025 for the reason explained in the annexure.

Yours faithfully,

General Secretary

Copy to:

1. The Labour Commissioner, Thiruvananthapuram.
2. The Chief Personnel Officer, KSE Board Limited, Thiruvananthapuram.

KERALA ELECTRICITY EMPLOYEES' CONFEDERATION
INTUC
KEEC
(Reg. No. 01-14/87 - Aff. 10485)
V.P MARAKKAR SMARAKA MANDIRAM
AMBUJAVILASOM ROAD, THIRUVANANTHAPURAM - 695 001
E-mail : keecintuchq@gmail.com, Web: www.intuckeec.com

PATRON K. MURALEEDHARAN M.P | PRESIDENT K.P DHANAPALAN Ex.M.P 9447083300 | WORKING PRESIDENT Adv. SIBYKUTTY FRANCIS 9447303578 | GENERAL SECRETARY NAZEER.M 9447241503

No. KEEC/GL/2025/02

തിരുവനന്തപുരം
07.01.2025

**(Annexure)**

സ്വീകർത്താവ്

ബഹു.സെക്രട്ടറി (ഭരണം)
കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്
വൈദ്യുതിഭവൻ, പട്ടം
തിരുവനന്തപുരം

സർ,

**വിഷയം :** **പണിമുടക്ക് നോട്ടീസ് നൽകുന്നത് സംബന്ധിച്ച്.**

**സൂചന :** **No.KEEC/GL/2023/65, 10.10.2023 ന് ബഹു.ചെയർമാൻ & മാനേജിംഗ് ഡയറക്ടർക്ക് സംഘടന നൽകിയ കത്ത്.**

ജീവനക്കാരുടെ നിരവധി അവകാശങ്ങൾ കഴിഞ്ഞ 8 വർഷമായി തടയപ്പെട്ടിരിക്കുകയാണ്. വിലകുറഞ്ഞ വൈദ്യുതി കരാർ റദ്ദ് ചെയ്ത വഴിയും. പുരപ്പുര സോളാറിലെ അനാവശ്യ കരാർ, ബില്ലിങ്ങിലെ അപാകത, KFON ബാധ്യത, തുടങ്ങി നിരവധി വിഷയങ്ങൾ ഗവൺമെന്റിനും ബോർഡ് മാനേജ്മെന്റിനും വന്നിട്ടുള്ള തെറ്റുകളുടെ ഫലമായി KSEBL ന്റെ ബാധ്യത കോടികളായി വർദ്ധിച്ചു. ഈ ബാധ്യത തീർക്കുന്നതിലേക്കായി വൈദ്യുതി ചാർജ് വർദ്ധിപ്പിച്ചപ്പോൾ പൊതുജനം ജീവനക്കാർക്കെതിരെ തിരിയുന്ന സാഹചര്യം ഉണ്ടായിരിക്കുകയാണ്. 20% DA കുടിശ്ശിക ആയിരിക്കുകയാണ്. അവസാനം ലഭിച്ച DA യുടെ മുൻകാല പ്രബല്യം (കുടിശ്ശിക) ലഭിച്ചിട്ടില്ല. ലീവ് സറണ്ടർ ലഭിക്കുന്നില്ല. കുറവുള്ള 6000 പേരുടെ ജോലി ലീവ് പോലും എടുക്കാതെ ചെയ്ത് തീർക്കുന്ന ജീവനക്കാരുടെ ലീവ് സറണ്ടർ യഥാർത്ഥ വേതനം തന്നെയാണ്. അത് നിഷേധിച്ചതിലൂടെ ജോലിക്കുള്ള വേതനവും തടയപ്പെട്ടിരിക്കുകയാണ്.

ഇലക്ട്രിസിറ്റി വർക്കർമാരുടെ പ്രമോഷൻ കഴിഞ്ഞ 8 വർഷമായി തടയപ്പെട്ടിരിക്കുകയാണ്. ബഹു.സുപ്രീം കോടതിയിലുള്ള കോടതിയലക്ഷ്യ ഹർജി തീർപ്പാക്കാൻ ബോർഡ് മാനേജ്മെന്റ്, യാതൊരു ശ്രമവും നടത്തിയിട്ടില്ല. KSEBL ൽ ഇപ്പോൾ 6000 ത്തോളം ജീവനക്കാർ കുറവാണ്. ഫീൽഡ് ജോലി, മീറ്റർ റീഡിങ് ജോലി ഉൾപ്പടെയുള്ള ജോലികളിൽ അമിതഭാരം അടിച്ചേൽപ്പിച്ചിരി

ക്കുകയാണ്. ജോലിക്കിടയിൽ മരണം സംഭവിച്ച ജീവനക്കാരന്റെ ഉൾപ്പടെയുള്ള ആശ്രിതരുടെ നിയമനങ്ങൾ കഴിഞ്ഞ കുറെ നാളുകളായി തടഞ്ഞുവച്ചിരിക്കുകയാണ്. ഓൺലൈൻ പേര് പറഞ്ഞ് കാഷ്യർ/ജൂനിയർ അസിസ്റ്റന്റ് നിയമനം നടത്തുന്നില്ല. വർഷങ്ങളായി ഒരേ ജോലി ചെയ്യുന്ന OA മാരുടെ പ്രൊമോഷൻ പുറത്തിറക്കുന്നില്ല, ക്ലെയിമുകൾ നൽകുന്നതിന് ഇപ്പോൾ വളരെ കാലതാമസം വന്നിരിക്കുകയാണ്. കഴിഞ്ഞ 10 വർഷം ഡ്യൂട്ടിയിനത്തിൽ കിട്ടിയ തുക പെൻഷൻ മാസ്റ്റർ ട്രസ്റ്റിലേക്ക് നൽകേണ്ടതാണ്. അത് വകമാറ്റി ചിലവഴിച്ചു. പെൻഷൻ ട്രസ്റ്റിലേക്കുള്ള തുക നൽകിയിട്ടില്ല. ഈ സാഹചര്യം നിലനിൽക്കുമ്പോഴാണ് KSEB ക്ക് അവകാശപ്പെട്ട മണിയാർ പദ്ധതി സ്വകാര്യ കമ്പനിക്ക് നൽകുവാൻ നീക്കം നടത്തിയത്. ചുരുക്കത്തിൽ കഴിഞ്ഞ 8 വർഷത്തെ ഗവൺമെന്റിന്റെയും ബോർഡ് മാനേജ്മെന്റിന്റെയും നടപടികൾ KSEB യെ കടക്കെണിയിലാക്കി. ഇത് സ്വകാര്യവത്ക്കരണത്തിന്റെ മുന്നോടിയാണ്. ഇത് അംഗീകരിക്കാനാവില്ല. ഈ വിഷയങ്ങൾ ഉന്നയിച്ച് നിരവധി കത്തുകൾ ഞങ്ങൾ ബോർഡിന് നൽകിയിട്ടുമുണ്ട്. നിലവിലുള്ള പ്രശ്നങ്ങൾ പരിഹരിച്ചില്ലായെങ്കിൽ ഞങ്ങൾ പണിമുടക്കിലേക്ക് കടക്കുമെന്ന് സൂചന കത്ത് പ്രകാരം ഞങ്ങൾ കാലേക്കൂട്ടി അറിയിച്ചിട്ടുണ്ട്.

കാൾ സെന്ററിൽ നിന്നും സ്ഥിരം ജീവനക്കാരെ ഒഴിവാക്കി പുറം കരാർ നിയമനം നൽകാനുള്ള നീക്കം സ്വകാര്യവത്ക്കരണത്തിന്റെ ഭാഗമാണ്. തന്ത്രപ്രധാനമായ ഈ സ്ഥലത്ത് പുറം കരാർ നിയമനം വരുന്നതുവഴി KSEB യുടെ Data പുറത്തുപോകുന്നതിനുള്ള സാഹചര്യം ഉണ്ടാകും. ഇത് അംഗീകരിക്കാനാവില്ല. കഴിഞ്ഞ 8 വർഷമായി വിവിധ വിഷയങ്ങളിൽ KSEBL ത്രികക്ഷി കരാർ ലംഘനം നടത്തി വരികയാണ്. ഇത് ജീവനക്കാരുടെ അവകാശങ്ങളുടെ മേലുള്ള കടന്നുകയറ്റമാണ് ഒപ്പുവച്ച കരാർ നടപ്പിലാക്കാനുള്ള ബാധ്യത ബോർഡിനാണ്. സബ് എഞ്ചിനീയർ ഇൻസർവ്വീസ് ക്വാട്ട 10% നിയമനത്തിന് യാതൊരു തടസ്സമുള്ള കാര്യമല്ല. നാളിതുവരെയായിട്ടും PSC ക്കു ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുപോലുമില്ല. യാതൊരു തടസ്സവുമില്ലാത്ത കാര്യത്തിൽ പോലുമുള്ള മെല്ലെപ്പോക്ക് നയം അംഗീകരിക്കാനാവില്ല.

കെ.എസ്.ഇ.ബി അടിസ്ഥാന വർഗ്ഗങ്ങളായ ഇലക്ട്രിസിറ്റി വർക്കർ, ലൈൻമാൻ, ഓവർസിയർ പ്രമോഷനുകൾ നിലനിൽക്കാത്ത ന്യായം പറഞ്ഞ് തടഞ്ഞിരിക്കുകയുമാണ്. ഈ സാഹചര്യത്തിൽ കേന്ദ്ര സംസ്ഥാന സർക്കാരിന്റെയും ബോർഡ് മാനേജ്മെന്റിന്റെയും തൊഴിലാളിദ്രോഹ നടപടികൾക്കെതിരെ പണിമുടക്കാൻ കേരളാ ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ (INTUC) 2025 ജനുവരി 22 ന് പണിമുടക്കാൻ തീരുമാനിച്ചിരിക്കുന്നു എന്ന വിവരം ഇതിനാൽ അറിയിക്കുന്നു.

**<u>പണിമുടക്കിന് ആധാരമായി ഞങ്ങൾ ഉന്നയിക്കുന്ന ആവശ്യങ്ങൾ</u>**

- കുടിശ്ശിക 20% DA അനുവദിക്കുക.
- തടഞ്ഞുവച്ചിരിക്കുന്ന വർക്കർ, ലൈൻമാൻ, ഓവർസിയർ പ്രമോഷൻ പുറത്തിറക്കുക.

- ബന്ധുനിയമനം അവസാനിപ്പിക്കുക.
- നിലവിലുള്ള ഇലക്ട്രിസിറ്റി വർക്കർ ഒഴിവുകളിലേക്ക് PSC ടെസ്റ്റ് പാസ്സായിരിക്കുന്ന കോൺട്രാക്റ്റ് വർക്കർമാരിൽ നിന്നും അതോടൊപ്പം നിലവിലുള്ള PSC ലിസ്റ്റിൽ നിന്നും നിയമനം നടത്തുക. ബാക്കി ഒഴിവുകൾ PSC ക്ക് റിപ്പോർട്ട് ചെയ്യുക. PSC ലിസ്റ്റ് വരുന്നതുവരെ എംപ്ലോയ്മെന്റിൽ നിന്നും നിയമനം നടത്തുക.
- അർഹതപ്പെട്ട സ്റ്റാറ്റ്യൂട്ടറി പെൻഷൻ അനുവദിക്കുക.
- പുനഃസംഘടനയുടെ മറവിൽ ജീവനക്കാരുടെ എണ്ണം വെട്ടിക്കുറയ്ക്കുവാനുള്ള നീക്കം ഉപേക്ഷിക്കുക.
- ധൂർത്ത് അവസാനിപ്പിക്കുക.
- ലൈനിലുണ്ടാകുന്ന അപകടങ്ങളുടെ ബാധ്യത ജീവനക്കാരുടെ മേൽ അടിച്ചേൽപ്പിക്കുന്ന ഉത്തരവ് റദ്ദ് ചെയ്യുക.
- ആശ്രിത നിയമനം നടത്തുക
- OA യിൽ നിന്നും കാഷ്യറിലേക്കുള്ള 10 % പ്രമോഷനും കാഷ്യർ സ്കെലിന് താഴെയുള്ള മറ്റു കാറ്റഗറികളിൽ നിന്നും കാഷ്യറിലേക്കുള്ള 10 % പ്രമോഷനും നടത്തുക
- സബ് എഞ്ചിനീയർ ഇൻസർവ്വീസ് ക്വാട്ട (10%) ഉടൻ വിളിക്കുക
- ശമ്പള പരിഷ്ക്കരണ ചർച്ച തുടങ്ങുക.
- നിലവിലുള്ള 6000 ൽ പരം ഒഴിവുകൾ നികത്തുക.
- KSEB പെൻഷൻ മാസ്റ്റർ ട്രസ്റ്റിന് നൽകാനുള്ള തുക ഉടൻ നൽകുക.
- മണിയാർ 12 MWപദ്ധതി KSEB ഏറ്റെടുക്കുക.
- KSEBL നെ സ്വകാര്യവത്ക്കരിക്കാനുള്ള നീക്കം അവസാനിപ്പിക്കുക.
- ത്രികക്ഷി കരാർ ലംഘനം അവസാനിപ്പിക്കുക
- കാൾ സെന്ററിലേക്ക് പുറം കരാർ നിയമനം നൽകാനുള്ള നീക്കം അവസാനിപ്പിക്കുക

വിശ്വസ്തതയോടെ

| | | |
|---|---|---|
| കെ.പി.ധനപാലൻ Ex.MP<br>പ്രസിഡന്റ് | അഡ്വ.സിബിക്കുട്ടി ഫ്രാൻസിസ്<br>വർക്കിംഗ് പ്രസിഡന്റ് | നസീർ.എം<br>ജനറൽ സെക്രട്ടറി |

**ഉള്ളടക്കം:**

1. **സൂചന കത്ത്**
2. **പണിമുടക്ക് നോട്ടീസ്** FORM – L

**KERALA ELECTRICITY EMPLOYEES' CONFEDERATION**
**INTUC**

KEEC

(Reg. No. 01-14/87 - Aff. 10485)
V.P MARAKKAR SMARAKA MANDIRAM
AMBUJAVILASOM ROAD, THIRUVANANTHAPURAM - 695 001
E-mail : keecintuchq@gmail.com, Web: www.intuckeec.com

| PATRON | PRESIDENT | WORKING PRESIDENT | GENERAL SECRETARY |
|---|---|---|---|
| K. MURALEEDHARAN M.P | K.P DHANAPALAN Ex.M.P | Adv. SIBYKUTTY FRANCIS | V.SUDHEER KUMAR |
| | 9447083300 | 9447303578 | 7012655030 |


No. KEEC/GL/2023/65

തിരുവനന്തപുരം
10.10.2023

സ്വീകർത്താവ്

ബഹു. ചെയർമാൻ & മാനേജിംഗ് ഡയറക്ടർ
കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്
വൈദ്യുതിഭവനം, പട്ടം
തിരുവനന്തപുരം

സർ,

വിഷയം : പ്രമോഷൻ, ക്ഷാമബത്ത, മറ്റ് ആനുകൂല്യങ്ങൾ അനുവദിക്കുന്നത് സംബന്ധിച്ച്.

ഇന്ന് 10.10.2023 ന് വൈദ്യുതിഭവന് മുന്നിൽ ഒരു ധർണ്ണയും കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷന്റെ (ഐ.എൻ.റ്റി.യു.സി) നേതൃത്വത്തിൽ നടത്തിയത് അറിഞ്ഞിരിക്കുമല്ലോ. KSEBL ലെ നിരവധി വിഷയങ്ങൾക്ക് പരിഹാരം ആവശ്യപ്പെട്ട് നടത്തിയ ധർണ്ണ ഉദ്ഘാടനം ചെയ്തത് ബഹു.പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ അവർകൾ ആയിരുന്നു. കോൺഗ്രസ്സിന്റേയും INTUC യുടെയും സമുന്നത നേതാക്കൾ പങ്കെടുത്ത ഈ ധർണ്ണയിൽ ഏകദേശം 2000 ത്തോളം പ്രവർത്തകർപങ്കെടുക്കുകയുണ്ടായി.

വൈദ്യുതി ബോർഡിൽ എല്ലാ വിഭാഗം തൊഴിലാളികൾക്കിടയിലും അസംതൃപ്തിയുണ്ട്, അതിന് യൂണിയൻ വ്യത്യാസമൊന്നില്ല. ഗവൺമെന്റിന്റേയും, ബോർഡ് മാനേജ്മെന്റിന്റെയും നിലപാടുകൾ സ്ഥാപനത്തെയും ജീവനക്കാരെയും തകർക്കുന്നതാണ്.

1. ഏഴ് വർഷത്തിൽ കൂടുതൽ സർവ്വീസുള്ള ഇലക്ട്രിസിറ്റി വർക്കർമാർ, പ്രമോഷൻ ലഭിക്കാത്തതിനാൽ അസംതൃപ്തരാണ്. ബോർഡിലെ അടിസ്ഥാന വിഭാഗം ജീവനക്കാരാണിവർ. ഇവരുടെ പ്രമോഷൻ പുറത്തിറക്കുന്നതിന് നിലവിൽ തടസ്സങ്ങൾ ഒന്നുമില്ല. CEA Regulation 2023 നിലവിൽ വന്നിരിക്കുന്നു. . CEA Regulation 2023 ഡ്രാഫ്റ്റിൽ വ്യക്തമായ മറുപടി കൃത്യസമയത്ത് ബോർഡ് കൊടുത്തില്ലായെന്നുള്ളത് ഗുരുതരമായ കൃത്യവിലോപമാണ്. മറുപടി കൊടുക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ നടപടിയെടുക്കാത്തത് അങ്ങയുടെ ഭാഗത്തുനിന്നും ഉണ്ടായ വീഴ്ചയാണ്. CEA അധികാരികൾ KSEB യുടെ ഈ ഉദാസീനത വിലയിരുത്തിയിട്ടുണ്ടെന്നത് ഞങ്ങൾക്ക് ബോധ്യമായതാണ്. ഞങ്ങൾ കൃത്യമായ സമയത്ത് തന്നെ ഇടപെടലുകൾ നടത്തി നിർദ്ദേശങ്ങൾ സമർപ്പിച്ചതുമാണ്.

CEA Regulation 2023 പ്രകാരം Notification തീയതിയായ 8.6.2023 വച്ച് എല്ലാവരേയും സംരക്ഷിച്ചിട്ടുണ്ട്. ഈ വസ്തുത ഒരു Senior Advocate നെ വച്ച്, ബഹു. സുപ്രീം കോടതിയെ അറിയിക്കുന്ന കാര്യത്തിൽ ബോർഡിന്റെ ഉദാസീനതയാണ്, ഈ വിഷയം നീട്ടിക്കൊണ്ടു പോകുന്നത്. കോടതിയലക്ഷ്യ ഹർജി ബഹു.സുപ്രീം കോടതിയിൽ നീണ്ടു പോകാനുള്ള കാരണവും KSEBL സ്റ്റാന്റിംഗ് കൗൺസിലിന്റെ കഴിവുകേടാണ്.

അങ്ങുൾപ്പെട്ട **Contempt case,** ഉടൻ തീർക്കുന്നതിലേയ്ക്കായി CEA Regulation 2023 കോടതിയിൽ വ്യക്തമാക്കിയാൽ - വർക്കേഴ്സിന്റെ പ്രമോഷൻ ഉടൻ നടത്താൻ സാധിക്കും. അത് നീണ്ടുപോയാൽ പണിമുടക്കുൾപ്പടെയുള്ള സമരമാർഗങ്ങളിലേക്ക് ഞങ്ങൾ കടക്കുന്നതായിയിക്കുമെന്നും അറിയിക്കുന്നു.

2. കോൺട്രാക്ട് വർക്കേഴ്സിന് നിയമപരമായി അർഹതപ്പെട്ട നിയമനം നൽകുന്ന കാര്യത്തിലും KSEB ക്ക് ഉദാസീനതയാണ്. ബന്ധു നിയമനത്തിന് വേണ്ടി അവരുടെ നിയമനം നിഷേധിക്കുന്നു. ബോർഡിലെ പ്രവർത്തനങ്ങളിലെ മറ്റൊരു പ്രധാന അടിസ്ഥാന വർഗ്ഗമാണ് കോൺട്രാക്ട് വർക്കേഴ്സ്. അവർക്ക് നോട്ടിഫിക്കേഷൻ അവകാശം ഉള്ളതുകൊണ്ട് എത്രയും പെട്ടെന്ന് നിയമനം നടത്തണം. നീട്ടിക്കൊണ്ടുപോയി അവരുടെ നിയമനവും ഇല്ലാതാക്കാനുള്ള സാഹചര്യം തുടരില്ലായെന്ന് കരുതുന്നു.

3. DA 4 ഗഡു കുടിശ്ശികയാണ്. Industrial Dispute Act പ്രകാരമുള്ള കരാർ ലംഘനമാണ് നടത്തിയിരിക്കുന്നത്. ബഹു.കേരള ഹൈക്കോടതിയിൽ ഞങ്ങൾ നൽകിയ കേസിൽ മറുപടി നൽകാതെ ബോർഡ് ഉരുണ്ടുകളിക്കുന്നത് കടുത്ത തൊഴിലാളി ദ്രോഹമാണ്. DA ഉടൻ നൽകണം.

4. UDF കാലത്ത് ഒപ്പ് വച്ച വൈദ്യുതി കരാർ കാര്യത്തിൽ റെഗുലേറ്ററി കമ്മീഷനും വൈദ്യുതി ബോർഡും സർക്കാരും ഒത്തുകളിക്കുകയാണ്. പ്രതിദിനം ഉണ്ടാകുന്ന 10 കോടിയോളം രൂപയുടെ നഷ്ടം ആര് സഹിക്കും. ഈ നഷ്ടം മുഴുവൻ ജീവനക്കാരുടെ മേൽ പഴിചാരാനുള്ള നീക്കം അനുവദിക്കാനാകില്ല. ഉപഭോക്താക്കളുടെ മേൽ കറന്റ് ചാർജ് അടിച്ചേൽപ്പിക്കുന്നതും ശരിയായ നടപടിയല്ല.

5. KSEBL ലെ ജീവനക്കാർക്ക് നോട്ടിഫിക്കേഷൻ Right പ്രകാരമുള്ള സ്റ്റാറ്റ്യൂട്ടറി പെൻഷൻ അനുവദിക്കണമെന്നാവശ്യപ്പെട്ട് സംഘടന ബഹു.ഹൈക്കോടതയിൽ നൽകിയ WRIT Petition ൽ KSEBL പ്രതികൂല സത്യവാങ്മൂലം നൽകിയത് ഖേദകരമാണ്. ഇക്കാര്യത്തിൽ ഞങ്ങൾ നൽകിയ WRIT Appeal ൽ ബോർഡിന്റെ ഭാഗത്തുനിന്നും അനുകൂല നിലപാട് ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

6. KFON, Transgrid, Vehicle ചാർജിംഗ് സ്റ്റേഷൻ, ഹൈഡൽ ടൂറിസം, പുരപ്പുറ സോളാർ എന്നി മേഖലയിലും അഴിമതിയും ധൂർത്തുമാണ് നടക്കുന്നത്. പുരപ്പുറ സോളാർ സ്ഥാപിച്ചതിലൂടെ ഉണ്ടായ നഷ്ടം കരാറുണ്ടാക്കിയ ഉദ്യോഗസ്ഥരിൽ നിന്നും പിടിക്കണം. നിരവധി അഴിമതികളിലൂടെയും ധൂർത്തിലൂടെയും ഉണ്ടായ ബോർഡിന്റെ കടം, 7 വർഷം കൊണ്ട് 1085 കോടിയിൽ നിന്നും 40000 കോടിയിൽ എത്തിയതിന് സാമ്പത്തിക ധവളപത്രം ഇറക്കണം.

7. 1991 ൽ 30 ലക്ഷം ഉപഭോക്താക്കൾക്ക് 30000 ജീവനക്കാർ ഉണ്ടായിരുന്നുവെങ്കിൽ ഇപ്പോൾ 1.63 കോടി ഉപഭോക്താക്കൾക്ക് കേവലം 25000 ജീവനക്കാർ മാത്രമാണുള്ളത്. പല സെക്ഷനിലും ഇലക്ട്രിസിറ്റി വർക്കർ, ലൈൻമാൻ, ഓവർസിയർ ആവശ്യത്തിനില്ല. UDF

കാലത്ത് 32000 ജീവനക്കാർ KSEB ൽ ഉണ്ടായിരുന്നുവെങ്കിൽ ഇപ്പോൾ കേവലം 25000 ത്തോളം മാത്രമാണുള്ളത്. Posting Strength എന്ന പേരിൽ തസ്തികകൾ വെട്ടിക്കുറച്ച് അധികഭാരം അടിച്ചേൽപ്പിക്കുന്നത് അംഗീകരിക്കാനാവില്ല.

8. പെൻഷൻ മാസ്റ്റർ ട്രസ്റ്റിന് നൽകേണ്ട 10000 കോടിയോളം രൂപ വകമാറ്റിയതും നൽകാത്തതും ത്രികക്ഷി കരാറിന് വിരുദ്ധമാണ്. മേൽ പണം എവിടെ പോയി എന്നുള്ളതാണ് ഏറ്റവും വലിയ ചോദ്യ ചിഹ്നമായി അവശേഷിക്കുന്നു. മേൽ തുക എത്രയും പെട്ടെന്ന് ട്രസ്റ്റിലേക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

9. വൈദ്യുത ഭവനിൽ കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷന്റെ (ഐ.എൻ.റ്റി.യു.സി) യുടെ വനിതകൾ ഉൾപ്പടെയുള്ള സംഘടനാ ഭാരവാഹികളെ, CITU യൂണിയനിൽപ്പെട്ട ചിലർ അസഭ്യം പറഞ്ഞ് ഭീഷണിപ്പെടുത്തിയ സംഭവം ഇന്നലെയുണ്ടായി (9.10.2023). പ്രതിപക്ഷ ബഹുമാനമില്ലാതെ വനിതകൾ ഉൾപ്പടെയുള്ളവരുടെ മേൽ നടത്തുന്ന ഇത്തരം പ്രവർത്തികൾ ബോർഡിന്റെ സൽപ്പേരിന് കളങ്കം വരുത്തുന്നതാണ്. അയതിനാൽ അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കണം.

അനാവശ്യ കരാറുകൾ KSEB യെ കടക്കെണിയിലാക്കിയിരിക്കുന്നു. ഫീൽഡിൽ വാങ്ങുന്ന മെറ്റീരിയൽസ് ഗുണനിലവാരം കുറഞ്ഞതായതിനാൽ അത് സെക്ഷൻ ഓഫീസിന്റെ പ്രവർത്തനത്തെ സാരമായി ബാധിക്കുന്നുണ്ട്. എന്നാൽ വീഴ്ചകൾ മുഴുവൻ ജീവനക്കാരുടെ തലയിൽ കെട്ടിവയ്ക്കുവാനുള്ള നീക്കം അനുവദിക്കാനാവില്ല. മുകളിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള നിരവധി വിഷയങ്ങൾ ഈ സ്ഥാപനത്തിന്റെ സുഗമമായ പ്രവർത്തനത്തെ സാരമായി ബാധിച്ചിട്ടുണ്ട്. ഇവ പരിഹരിക്കുന്നതിലേയ്ക്കായി സത്വര നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

കെ.പി.ധനപാലൻ Ex.MP
പ്രസിഡന്റ്

അഡ്വ.സിബിക്കുട്ടി ഫ്രാൻസിസ്
വർക്കിംഗ് പ്രസിഡന്റ്

വി.സുധീർ കുമാർ
ജനറൽ സെക്രട്ടറി

KERALA ELECTRICITY EMPLOYEES' CONFEDERATION
Reg: No. 01-14/87
AFFI. No 10488
INTUC